(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത്സ്യ ബന്ധനത്തിനുള്ള നിയന്ത്രണം

*3 [403] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
,, പിരപ്പൻകോട് മുരളി :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളതീരത്തോട് ചേർന്നു കടലിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് പുതുതായി എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം നല്കുമോ;

(ബി) മത്സ്യബന്ധനത്തിന് ഫീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) സംസ്ഥാനത്ത് രജിസ്ട്രേഷൻ ഉള്ളവയും ഇല്ലാത്തവയുമായ എത്ര യാനങ്ങൾ മത്സ്യബന്ധനത്തിലേർപ്പെടുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കടലിൽ മത്സ്യബന്ധനത്തിലേർപ്പെടാൻ എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കേണ്ടതെന്ന് അറിയിക്കാമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ ആന്റ് ബി) ഇല്ല.

(സി) ഉണ്ട്. രജിസ്റ്റർ ചെയ്ത് 46140 യാനങ്ങളും രജിസ്റ്റർ ചെയ്യാത്ത 5000-ത്തോളം യാനങ്ങളും ഉണ്ട്.

(ഡി) കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളാണ് പാലിക്കേണ്ടത്.

1. കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന യാനങ്ങൾ രജിസ്റ്റർ ചെയ്ത് ലൈസൻസ് വാങ്ങേണ്ടതാണ്.
2. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമപ്രകാരം നിരോധിക്കപ്പെട്ട പേഴ്സ്സ്നി, റിംഗ് സീൻ, പെലാജിക് ട്രോൾ, മഡ് വാട്ടർ ട്രോൾ എന്നീ വലകൾ ഉപയോഗിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

3. 35 എം. എം. എൽ. കുറവുള്ള കണ്ണിവലുപ്പമുള്ള വലകൾ ഉപയോഗിക്കരുത്.

4. യന്ത്രവൽകൃത ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അവരുടെ വല മുതലായ സാധനങ്ങൾക്ക് കേട് സംഭവിക്കാതെ കടന്നു പോകേണ്ടതാണ്.

5. യന്ത്രവൽകൃത ബോട്ടുകൾ സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ സംസ്ഥാന സമുദ്രാതിർത്തിയുടെ പരിധിക്കുള്ളിൽ ബോട്ടം ട്രോൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ പാടില്ല.

6. രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനം ഒരു തുറമുഖത്തിന്റെ പരിധിയിൽ നിന്ന് മറ്റൊന്നിലേക്ക് മാറുമ്പോൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

7. ഓരോ മത്സ്യബന്ധന യാനത്തിന്റെയും ഉടമ മത്സ്യബന്ധനത്തിന്റെ കണക്കുകൾ നിശ്ചിത ഫോറത്തിൽ യഥാകാലം ബന്ധപ്പെട്ട അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

ആദിവാസികളുടെ അടിമപ്പണി, പട്ടിണി തുടങ്ങിയ ദുരിതങ്ങളകറ്റാൻ പദ്ധതി

*4 [404] ശ്രീ. എൻ. രാജൻ :
,, കെ. പി. രാജേന്ദ്രൻ :
,, പി. നാരായണൻ :
,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ പരമ്പരാഗത തൊഴിൽ കുറഞ്ഞുവരുന്നത് കൊണ്ടുണ്ടാകുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തൊഴിലില്ലായ്മയും പട്ടിണിയും മൂലം ആദിവാസികൾ മറ്റ് സംസ്ഥാനങ്ങളിലെ തൊട്ടങ്ങളിൽ അടിമപ്പണി ചെയ്യാൻ നിർബന്ധിതരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തോട്ടങ്ങളിൽ അടിമപ്പണിയിലും അർദ്ധപട്ടിണിയിലും കഴിയുന്ന യുവതിയുവാക്കളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആദിവാസി യുവജനങ്ങൾക്ക് പുതിയ തൊഴിൽ നൽകുന്നതിനും കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly